# SYRO MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishops' House, Marygiri,
P. B. No. 4, Tiruvalla – 689 101.

Circular No.2/2016 04/02/2016

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. ജനറാളച്ചാ, വന്ദ്യ കോറെപ്പിസ്ക്കോപ്പമാരേ, ബഹു. വൈദികരേ, ബഹു. സന്യസ്തരേ, പ്രീയപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. **ഓർമ്മപ്പെരുനാൾ:** ഭാഗ്യസ്മരണാർഹനും, സഹനദാസനും, ആത്മിയപ്രകാശഗോപുരവും, പുത്തൻകൂർസഭയിലെ മെത്രാപ്പോലീത്തമാരിൽ നാലാമനായി മലങ്കര കത്തോലിക്ക സഭയിലേയ്ക്കു പുനരൈക്യപ്പെട്ടയാളുമായിരുന്ന ചിങ്ങവനം ഒറ്റത്തൈയ്ക്കൽ തോമസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ 73–മത് ഓർമ്മപ്പെരുനാൾ ഫെബ്രുവരി 21, 22 തീയ്യതികളിൽ, അദ്ദേഹം ജീവിതാന്ത്യം ചെലവഴിക്കുകയും കബറടങ്ങിയിരിക്കുകയും ചെയ്തിരിക്കുന്ന തിരുമൂലപുരം സെന്റ് മേരീസ് ദൈവാലയത്തിൽ സമുചിതമായി ആചരിക്കുകയാണ്. മലങ്കര കത്തോലിക്കസഭയിൽ മെത്രാന്മാരിൽ ആദ്യം സ്വർഗ്ഗം പൂകിയതും വന്ദ്യതിരുമേനിയായിരുന്നു. 21 ഞായറഴ്ച 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും 22 തിങ്കളാഴ്ചരാവിലെ 6.45 ന് പ്രഭാത പ്രാർത്ഥനയും തുടർന്ന് 7 മണിക്ക് വി. കുർബ്ബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും ഉണ്ടായിരിക്കുന്നതാണ്. ആത്മീയനിറവിൽ ജീവിത സായാഹ്നം ചെലവഴിച്ച്, പ്രാർത്ഥനയുടെ മാതൃകയായി ശോഭിച്ച വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥംതേടി കബറിങ്കൽ എത്തുന്നവർ ധാരാളമാണ്. ഓർമ്മപ്പെരുനാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.ബേസ് ആബോയുടെ ആത്മീകശോഭകൂടിയാണ് വന്ദ്യപിതാവ് എന്ന് ഓർക്കാം.

2. **വൈദികരുടെ നോമ്പുകാലധ്യാനം:** ഈ മാസം 22,23 തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ശാന്തിനിലയത്തിൽ ക്രമീകരിക്കുകയാണ്. ധ്യാനം നയിക്കുന്നത് പ്രസിദ്ധ വാഗ്മിയും ധ്യാനഗുരുവുമായ ബഹു. ജോസ് മുളങ്ങാട്ടിൽ M.C.B.S ആണ്. തിങ്കളാഴ്ച 6 മണിക്കുധ്യാനം ആരംഭിക്കുന്നതിന് മുമ്പായി ബഹു. വൈദികർ എത്തിച്ചേരേണ്ടതാണ്. 23–ാം തീയ്യതി ഒരുമണിയോടെ ധ്യാനം സമാപിക്കും. നോമ്പുകാലധ്യാനം വൈദികരുടെ ആത്മീക ജീവിത നവീകരണത്തിന് ഏറെ സഹായകമാകുന്നതുകൊണ്ടും ഒരുക്കത്തോടെ പെസഹാരഹസ്യങ്ങളിൽ പങ്കെടുക്കുവാൻ ഉള്ള തയ്യാറെടുപ്പ് എന്നതുകൊണ്ടും താല്പര്യത്തോടെ ധ്യാനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. **കാരുണ്യവർഷാചരണം പ്രസക്തമാക്കുക:** പരിശുദ്ധപിതവ് നിഷ്ക്കർഷിച്ചിരിക്കുന്നതുപോലെ ദൈവജനത്തെ കരുണയുടെ തീവ്രമായ അനുഭവത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി എല്ലാ വൈദികരും ശ്രദ്ധിക്കണം. മേഖല–ഇടവക തലങ്ങളിൽ പ്രത്യേക പഠനക്ലാസ്സുകൾ നടത്തി, ദൈവത്തിന്റെ കാരുണ്യത്തിന്റെ മഹത്വം തിരിച്ചറിയുവാൻ പ്രേരണ നൽകണം. ഈ കാരുണ്യം വ്യക്തിപരമായി അനുഭവവേദ്യമാകത്ത ക്കരീതിയിൽ നല്ല ഒരുക്കത്തോടുകൂടി വിശുദ്ധ കുമ്പസാരം നടത്തി പാപക്ഷമ (ദൈവകാരുണ്യം) നേടുവാൻ ക്രമീകരണങ്ങൾ ചെയ്യണം. സമാഗതമാകുന്ന നോമ്പുകാലം ഇതിന് ഏറ്റവും സഹയകമായ സന്ദർഭമാണല്ലോ. നമ്മോടൊപ്പം നമ്മുടെ ജനങ്ങളെയും ഈ മഹനീയ അനുഭവത്തിലേക്ക് കൊണ്ടുവരണം. മുൻകൂട്ടി ക്രമീകരിക്കുന്നപക്ഷം കുമ്പസാരിപ്പിക്കുവാൻ എന്റെ സാന്നിദ്ധ്യം ഉണ്ടാകും.

കാരുണ്യവർഷത്തിൽ വ്യക്തികളായും ഇടവകയായും ചെയ്യുന്ന കാരുണ്യപ്രവൃർത്തികൾ (ഉദാഹരണമായി: ഭവനനിർമ്മിതി, സ്ഥിരമായ രോഗീപരിചരണം,പാസ്റ്ററൽ

കൗൺസിൽ ശുപാർശചെയ്തിട്ടുള്ള ''കാരുണ്യസുഹൃത്ത് സംവിധാനം'' (twinage) മുതലായവ) അതിഭദ്രാസന ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ തക്കവിധം ഫോട്ടോക ളോടുകൂടി ഗിരിനാദം എഡിറ്ററെ അറിയിക്കുന്നത് ഉചിതമാണ്. പ്രചോദനം പകരുവാനും സ്വീകരിക്കുവാനുമുള്ള അവസരമായി ഇതിനെ കാണണം. പ്രചോദനാത്മകമായ ഈ സംരംഭത്തിൽ ദൈവജനത്തിന്റെ പങ്കും പങ്കാളിത്തവും ഏവർക്കും പ്രോത്സാഹന ജനകമായിരിക്കും.

4. **വൈദികരുടെ സ്ഥലം മാറ്റം**: അതിഭദ്രാസന വൈദികരുടെ 2016 ലെ ട്രാൻസ്ഫർ ഫെബ്രുവരി 13-ാം തീയ്യതി നിലവിൽ വന്നിരിക്കുന്നു. പുതിയ പ്രവർത്തനവേദികൾ അനുഗ്രഹകരമായിത്തീ രട്ടെയെന്ന് ആശംസിക്കുന്നു. എല്ലാക്കാര്യങ്ങളിലും ദൈവത്തിന്റെ പദ്ധതി തിരിച്ചറിയുവാൻ നമുക്ക് കഴിയണം. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും സുവിശേഷകന്റെ ജോലി ചെയ്യുക (2തിമോ. 4:2,5); അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക (2തിമോ. 2:15) തുടങ്ങിയ വി. പൗലോസിന്റെ ഉപദേശങ്ങൾ നമുക്ക് തീക്ഷ്ണത പകരട്ടെ.

5. പതിറ്റാണ്ടുകൾ സഭാശുശ്രൂഷയിൽ താല്പര്യപൂർവ്വം സേവനം നിർവ്വഹിച്ച് വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹു. വൈദികരെയും, നമ്മുടെ മിഷൻ പ്രവർത്തനങ്ങളിൽ സഹായികളായിരുന്നശേഷം സന്ന്യാസസഭകളിലേയ്ക്ക് മടങ്ങുന്ന വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

1959 മുതൽ സുദീർഘമായ 57 വർഷക്കാലം സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച ബഹു. ജോർജ്ജ് മനപ്പുറത്ത് അച്ചൻ (ചുങ്കപ്പാറ), 1964 മുതൽ 52 വർഷക്കാലം പൊതുസമൂഹത്തിലും സഭയിലും നിറവോടെ നിന്ന രാമനാലിൽ ദിവ്യശ്രീ ചെറിയാൻ കോർഎപ്പിസ്കോപ്പ (പ്ലാങ്കമൺ), 1967 മുതൽ അഞ്ചു പതിറ്റാണ്ട് സേവനമനുഷ്ഠിച്ച ചുണ്ടേവാലേൽ ബഹു. വർക്കിയച്ചൻ (അമയന്നൂർ), 1980 മുതൽ മൂന്നു പതിറ്റാണ്ടിലേറെ വൈദികശുശ്രൂഷയിൽ വ്യാപൃതനായിരുന്ന ചെറുപാലത്തിൽ ബഹു. ബഹനാൻ അച്ചൻ (വെണ്ണിക്കുളം) എന്നിവർ സംതൃപ്തിയോടെ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്നു. ഭദ്രാസനമായും വൈദിക കൂട്ടായ്മയായും നന്ദിനിറഞ്ഞ ഹൃദയത്തോടെയും സ്നേഹ വായ്പോടെയും ബഹു. അച്ചന്മാരെ സ്മരിക്കുന്നു. തുടർന്നും പ്രാർത്ഥനയുടെ പ്രേഷിത ശുശ്രൂഷ വഴിയും ജീവിതസായഹ്നം ശരീരത്തിൽ ഏല്പിക്കാവുന്ന ഭാരങ്ങളെ കർത്താവിന്റെ കുരിശിനോടു ചേർത്തും സഭയ്ക്ക് ഏറെ അനുഗ്രഹങ്ങളും, വൈദികജീവിതത്തിൽ നിറഞ്ഞ സംതൃപ്തിയും പരമകാരുണികനിൽ നിന്ന് പ്രതിഫലവും ലഭിക്കുവാൻ ബഹു. അച്ചന്മാർക്കു ഇടയാവട്ടെ എന്നു പ്രാർത്ഥിക്കുന്നു .

അവരവരുടെ സന്ന്യാസസഭകളിലെ ശുശ്രൂഷയിലേക്ക് മടങ്ങിപ്പോകുന്ന ബഹു. ജോസഫ് O.C.D അച്ചനെയും (വരവൂർ O.C.D ആശ്രമം), ബഹു. എബി കിഴക്കേക്കുറ്റ് O.F.M Cap., സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രെവിൻഷ്യലേറ്റ്, കോട്ടയം) അച്ചനെയും ഏറെ നന്ദിയോടെ ഓർക്കുന്നു. ജോസഫ് അച്ചൻ കഴിഞ്ഞ അഞ്ചര വർഷമായി മാരാമൺ, പുല്ലാട് എന്നീ ഇടവകകളിൽ സ്തുത്യർഹമായി ശുശ്രൂഷ നിർവ്വഹിച്ച് കൃതകൃത്യതയോടെ മടങ്ങുമ്പോൾ, പുല്ലാട് മനോഹരമായ ദൈവാലയ പണിക്ക് നേതൃത്വം നല്കിയതും, മാരാമണ്ണിൽ പ്രസ്ബിറ്ററി പണിയിച്ചതും ഭൗതികനന്മകളിൽ എടുത്തുപറയേണ്ടതാണ്. അച്ചന്റെ സേവനം വിട്ടുതന്ന പാങ്ങോട് O.C.D ആശ്രമം(മലബാർ പ്രോവിൻസ്) പ്രൊവിൻഷ്യൽ ബഹു. ജോസഫ് ഇളമ്പ്രയിൽ അച്ചനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഒരുവർഷക്കാലം മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ സഹായപട്ടക്കാരനായി വൈദിക ജീവിതത്തിന് സ്തുത്യർഹമായ തുടക്കം കുറിച്ച ബഹു. എബി കിഴക്കേക്കുറ്റ് അച്ചൻ കപ്പൂച്ചിൻ ആശ്രമത്തിലേക്ക് മടങ്ങുന്നത് ചാരിതാർത്ഥ്യത്തോടെയാണ്. ചുരുങ്ങിയ 2 മാസം കൊണ്ട് മലങ്കര ആരാധനക്രമം പഠിച്ച് പ്രശംസനീയമായ രീതിയിൽ ആരാധനകൾക്ക് നേതൃത്വവും ആത്മീയതയ്ക്ക് ഉത്തേജനവും പകർന്നത് ചരിത്രമാണ്. അച്ചനെ പ്രതി ദൈവത്തെ സ്തുതിക്കുന്നു. ഏറെ അത്യാവശ്യമായ ഒരു ഘട്ടത്തിൽ അച്ചന്റെ സേവനം വിട്ടുതന്ന കപ്പൂച്ചിൻ പ്രൊവിൻഷ്യൽ

ബഹു. ജോസഫ് പുത്തൻപുര അച്ചന്റെ ഔദാര്യത്തെയും, എബിയച്ചന്റെ നന്മയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. അച്ചന്മാർ രണ്ടുപേർക്കും ഭാവിഭാവുകങ്ങളും നന്മയും നേരുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

6. **മലങ്കര സുറിയാനി കത്തോലിക്ക എപ്പിസ്ക്കോപ്പൽ സുന്നഹദോസ്** : ഫെബ്രുവരി 16 ന് തുടക്കം കുറിക്കുന്നു. സഭാ ചൈതന്യം നിലനിർത്തുവാനുള്ള പരിശുദ്ധാത്മ പ്രചോദിതമായ നിർദ്ദേശങ്ങൾ ലഭിക്കുവാനും, സഭാനൗകയെ നേർവഴിയിൽ നയിക്കുന്നതിനാവശ്യമായ അനുഗ്രഹ പ്രാപ്തിക്കായും ദൈവജനം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

7. CBCI Plenary Session: മാർച്ച് 1 മുതൽ CBCI യുടെ പ്ലീനറി (സമ്പൂർണ്ണ) സമ്മേളനം ബംഗളൂർ-സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ നടത്തപ്പെടുന്നു. ഇവയുടെയൊക്കെ അദ്ധ്യക്ഷനായ അത്യുന്നത കർദ്ദിനാൾ ക്ലീമ്മിസ് ബാവാ തിരുമേനിയെ ഓർത്തു പ്രത്യേകം പ്രാർത്ഥിക്കണം.

8. **വലിയനോമ്പ്:** ഫെബ്രുവരി 8-തിങ്കളാഴ്ച ആരംഭിക്കുന്ന വലിയനോമ്പ് വലിയ ദൈവാനുഗ്രഹത്തിന്റെ കാലയളവാകട്ടെ. ശുബ്ക്കോനോ ശുശ്രൂഷ ഇടവക സമൂഹങ്ങളിൽ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. നോമ്പനുഷ്ഠാനങ്ങളിൽ ഏറിയ നിഷ്ഠപാലിച്ച് ആത്മീകാഭിവൃദ്ധി കൈവരിക്കുവാൻ വിശ്വാസികൾ ശ്രദ്ധിക്കണം.

9. **കാതോലിക്കദിനം:** ഫെബ്രുവരി 7, മലങ്കര കത്തോലിക്ക **ബാലാസഖ്യദിനം** ഫെബ്രുവരി 14 ഇവ പ്രസക്തമായരീതിയിൽ ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട്,

ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്

മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ല അതിഭദ്രാസനം.

---

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും
വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.

---

Transfer list of priests

| | | |
|---|---|---|
| 01 | Rt. Rev. Msgr. Antony Chethipuzha | Thachamom, Ambattubhagom |
| 02 | Rt. Rev. Cherian Ramanalil Cor-episcopo | Stay at Pallimala |
| 03 | Alumkal Rev. Fr. Thomas | Delhi |
| 04 | Chamakalayil Rev. Fr. Varghese | Mannar West & Niranam Centre |
| 05 | Cherupalathil Rev. Fr. Shaji Behanan | Santhigram & Kochukmashi<br>Principal, Marian Public School, Marygiri |
| 06 | Cherupalathil Rev. Behanan | Stay at Pallimala |
| 07 | Chundevalel Rev. Fr. Varkey | Stay at Home, Chaplain, San Jose Hostel, Velloor |
| 08 | Erumeda Rev. Fr. John | Kunnamthanam |
| 09 | Kallupurackal Rev. Fr. Thomas | House Minister at Marygiri Bishop’s House<br>Asst. to Msgr. Antony Chethipuzha |
| 10 | Karimpanamannil Rev. Fr. Abraham | Stay at SEERI |

| | | |
|---|---|---|
| 11 | Karippayil Rev. Fr. Joseph | Thalavady North |
| 12 | Kizhakkekara V. Rev. Fr. Kurian | Othara |
| 13 | Kochupurackal Rev. Fr. Sebastian | Pampady |
| 14 | Kochuvadavana Rev. Fr. Joseph | Edathikave & Mannadisala,<br>Vice-Principal, St. Mary's School, Ranni |
| 15 | Kulangara Rev. Fr. Abraham | Mukkoor |
| 16 | Kumbamthanam Rev. Fr. James | Kumbanadu, Pulladu |
| 17 | Kunnumpurath Rev. Fr. Sebastian | Stay at Mulakaramedu,<br>Director, Suvisheshasangam (High Range)<br>Director, IMIDS (Social Service Society) |
| 18 | Madathirambil Rev. Fr. Kuriakose | Aalady, Stay at Kattappana |
| 19 | Manalel Rev. Fr. Varghese | Maramon |
| 20 | Manapurath Rev. Fr. George | Stay at Pallimala |
| 21 | Manchadiyil Rev. Fr. Philip | Mundakayam, Koruthodu |
| 22 | Mannil Rev. Fr. Thomas | Mulakaramedu – (Addl.) |
| 23 | Mannoorkizhakethil Rev. Fr. Jose | Kadamankulam, Manager, AMG School , Kottoor |
| 24 | Meledath Rev. Fr. Chacko | Ramakalmedu & Koottar |
| 25 | Moothantethu Rev. Fr. Thomas | Mannar East |
| 26 | Mozhasseril Rev. Fr. Yaldho | Kolladu (Addl.) Manager Vimalabika School,<br>Pampady |
| 27 | Narimattathil Rev. Fr. Joseph | Valakodu & Kappipathal |
| 28 | Nalannady Rev. Fr. Thomas | Pazhayarikandom & Venmony |
| 29 | Oolakavil Rev. Fr. George | Pune |
| 30 | Padipurackal Rev. John | Pushpagiri (Asst. Director – Hosptial) |
| 31 | Padipurackal Rev. Fr. John (Jr) | Asst. to Rev. Fr. Varghese Pallickal, Vocation<br>Promoter |
| 32 | Palapurathu Rev. Fr. Simon | Director, Pallimala |
| 33 | Pallickal V. Rev. Fr. Varghese | Nettithozhu & Rajakandom (Addl.) |
| 34 | Plakkoottathil Rev. Fr. Joseph | Karikkinmedu & Murikkassery (Addl.) |
| 35 | Parakkel Rev. Fr. Dr. Thomas | Secretary to Archbishop, Adjt. Judicial Vicar,<br>Kalloopara (Addl.) |
| 36 | Pathiparampil Rev. Fr. George | Stay at Chengaroor, Mundukuzhy |
| 37 | Payyampallil Rev. Fr. Dr. Philip | UAE (Abu Dhabi) |
| 38 | Puthenparampil Rev. Fr. Eapen | Pushpagiri, Finance Officer |
| 39 | Puthenparambil Rev. Fr. Mathew | Amichakari & Chathankary |
| 40 | Puthenmadathil Rev. Fr. Abraham | Erumely & Mukkada , District Vicar.<br>Collegiate Judge |
| 41 | Tharayilath Rev. Fr. Philip | Asst. to Rev. Fr. Joseph Plakkoottathil |
| 42 | Thekkadayil Rev. Fr. George | Thelliyoor & Kurishumuttom |
| 43 | Thottapurackal Rev. Fr. Daniel | Asst. to Fr. Dr. Thomaskutty Pathinettil |
| 44 | Thundiyil Rev. Fr. George | Nedumpuram |
| 45 | Thundiyil Rev. Fr. Mathew | Thodupuzha (Addl.) |
| 46 | Thyparampil Rev. Fr. Abraham | Thalavady South (Addl.)<br>Associate Coordinator of Suvishesangam |
| 47 | Vadakummury Rev.Fr. David | Kallissery, MCCL (Addl.) |
| 48 | Valiakavumkal V. Rev. Fr. Philip | St. Thomas Church, Kottayam (SEERI) |
| 49 | Valamparambil Rev. Fr. Dr. Joseph | Pulikeezhu<br>(Asst. Director, Pushpagiri, Heart Institute) |
| 50 | Vazhayil Rev. Fr. Mathew | Kalampala |